(സി) ആവശ്യമാണ്. താഴെപ്പറയുന്ന 41 തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്:

സബ്ബ് - ഇൻസ്പെക്ടർ	1
അസിസ്റ്റന്റ് സബ്ബ് - ഇൻസ്പെക്ടർ	2
എസ്.സി.പി.ഒ.	8
സി.പി.ഒ.	25
ഡബ്ള്യു.സി.പി.ഒ.	4
ഡ്രൈവർ പി.സി.	1

ഒളിക്യാമറ അനാശാസ്യ തട്ടിപ്പ്

223 (224) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശ്യാസ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ പോലീസ് അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ ഏത് സമയത്ത് ഏത് സ്ഥലത്ത് വെച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പ്രതി ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലം എവിടെയായിരുന്നു ; പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രതിയുടെ താമസം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്മാർ, താമസിച്ച സ്ഥലത്തിന്റെ അധികാര കേന്ദ്രത്തിൽ അറിയിക്കുകയുണ്ടായിട്ടുണ്ടോ ; അനുമതിയോടുകൂടി പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം പ്രതി ഒളിവിൽ താമസിച്ച എല്ലാ സ്ഥലങ്ങളിലും കൊണ്ടുപോയി തെളിവുകൾ ശേഖരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ഠൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിൽ എത്തിച്ച് അന്നേദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി.ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്. പ്രതി കേസിൽ ഉൾപ്പെട്ടിട്ടുള്ള ജയചന്ദ്രൻ തന്നെയാണോ എന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടിയാണ് ടിയാന്റെ അറസ്റ്റ് ടിയാനെ കണ്ടെത്തിയ സ്ഥലത്തുവച്ച് രേഖപ്പെടുത്താത്തത്.

(സി) പ്രതിയെക്കുറിച്ച് തിരുവനന്തപുരം ഭാഗങ്ങളിൽ അന്വേഷണം നടത്തുകയും പാറശ്ശാല ഭാഗത്തുവച്ച് 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ഠൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പടുത്തിയിട്ടുള്ളതാകുന്നു.

(ഡി) ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഓപ്പറേഷൻ കുബേര

224 (225) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ബ്ലേഡ് മാഫിയകൾക്കെതിരെ എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ ബ്ലേഡ് മാഫിയകളുടെ ഭീഷണിയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തു ; എത്ര പേർ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞിട്ടുണ്ട് ; ഇവരുടെ പേരും സ്ഥലവും കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ സഹിതം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജില്ലയിൽ ഓപ്പറേഷൻ കുബേരക്ക നേതൃത്വം നൽകുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ജില്ലയിൽ ഓപ്പറേഷൻ കുബേരക്ക നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥരെ ഇതിനകം സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly